Volume IV Issue 2

# ലിംഗപദവിയും പ്രതിനിധാനങ്ങളും

## ടി. ഡി. രാമകൃഷ്ണന്റെ നോവലുകളെ മുൻനിർത്തിയുള്ള പഠനം

–ആദില കബീർ

**മൂലപദങ്ങൾ :** ലിംഗപദവി, സ്ത്രീ പ്രതിനിധാനം, പുരുഷനോട്ടം, സ്ത്രീവാദം

**സംഗ്രഹം**

രണ്ടായിരത്തിനുശേഷമുള്ള ഉത്തരാധുനിക മലയാളനോവൽ സന്ദർഭത്തിലേക്ക് ഇതര വൈജ്ഞാനികതയുടെ സാധ്യതകൾ പരീക്ഷിച്ച നോവലിസ്റ്റാണ് ടി. ഡി. രാമകൃഷ്ണൻ. മലയാളിയുടെ ചിന്താമണ്ഡലത്തിനു കനത്ത പ്രഹരമേൽപ്പിച്ചവയാണ് അദ്ദേഹത്തിന്റെ നോവലുകള്. നരവംശശാസ്ത്രത്തിന്റെ

തീവ്രസാങ്കല്പിക പരിസരത്തു നിന്നെഴുതപ്പെട്ട ആൽഫ(2003), ഗണിത വിജ്ഞാനത്തിന്റെയും സൈബർ കാലത്തിന്റെയും കരവിരുതിൽ മെനഞ്ഞ ഫ്രാൻസിസ് ഇട്ടിക്കോര (2009), ഇന്ത്യക്കപ്പുറമുള്ള ദേശ- ചരിത്ര ആഖ്യാനത്തിന്റെ കരുത്താർജ്ജിച്ച സുഗന്ധി എന്ന ആണ്ടാള് ദേവനായകി (2014), ഇവ മൂന്നും ഇതിവൃത്തം കൊണ്ടും ഭാവനയുടെയും രചനാ കൗശലത്തിന്റെയും പ്രത്യേകതകൾ കൊണ്ടും വളരെയേറെ ശ്രദ്ധിക്കപ്പെട്ട നോവലുകളാണ്. ലിംഗപദവിയും പ്രതിനിധാനങ്ങളും ടി. ഡി. രാമകൃഷ്ണന്റെ നോവലുകളിൽ എന്ന പ്രബന്ധത്തിൽ; ഈ മൂന്നു നോവലുകളിലെ സ്ത്രീ പ്രതിനിധാനങ്ങളും അവയുടെ ചരിത്രസാമൂഹിക സന്ദർഭങ്ങളും, ലിംഗപദവീ

ബന്ധങ്ങളും സ്ത്രീവാദ സിദ്ധാന്തങ്ങളുടെ പശ്ചാത്തലത്തിൽ വിമർശനാത്മക വായനയ്ക്ക് വിധേയമാക്കുകയാണ്.

**1. ലിംഗപദവി**

ലിംഗപദവി എന്ന വാക്ക് അധികാര ഘടനയുമായി ഏറെ ബന്ധപ്പെട്ടിരിക്കുന്നു. സ്വാഭാവികമല്ലാത്തതു പോലെതന്നെ അതു നിഷ്പക്ഷവുമല്ല. ദ്വന്ദ്വങ്ങളുടെ പട്ടികകൾ ഒരിക്കലും നിഷ്കളങ്കമായിരുന്നില്ല. ലിംഗപദവീ വൈജാത്യത്തിലും ഈ കളങ്കം പ്രകടമാണ്. ശാരീരിക പ്രത്യേകതകളനുസൃതമാക്കിയ സാമൂഹിക നിബന്ധനയാണ് 'ലിംഗപദവി' എന്ന് വിശകലനം ചെയ്യുമ്പോഴും, അതിന്റെ ശാസ്ത്രീയതകളെയോ സാമൂഹിക നിബന്ധനയ്ക്കു മേൽ പ്രവർത്തിക്കുന്ന ആണധികാരങ്ങളെയോ എല്ലായ്പ്പോഴും പഠനവിധേയമായിട്ടില്ല. ലിംഗപദവി എന്ന വാക്ക് തന്നെയും പലപ്പോഴും സ്ത്രീയവസ്ഥകളോട് തുലനം ചെയ്താണ് മനസ്സിലാക്കപ്പെട്ടതു പോലും. പുരുഷനല്ലാത്തത് എന്ന നിലയിലോ പദവിയിൽ കുറഞ്ഞത് എന്ന അർത്ഥത്തിലോ ആപേക്ഷികമായി മാത്രം അസ്തിത്വമുള്ള, അധീനതയിലുള്ള ഒരു വർഗ്ഗ വിഭജനമായാണ് സ്ത്രീത്വത്തെ തിരിച്ചറിയപ്പെട്ടത്. എന്നാൽ പുരുഷനും വ്യവസ്ഥിതിയുടെ കെട്ടുപാടുകളിൽ നിൽക്കുന്ന ഒരു പദവിയാണ് എന്നും സമൂഹം അംഗീകരിച്ച ചില അനുവാദങ്ങളും ധാരാളം അരുതുകളും നിയന്ത്രണങ്ങളും അനേകം വിശേഷാധികാരങ്ങളും അവനിലുമുണ്ടെന്നും ശ്രദ്ധിക്കപ്പെട്ടില്ല. ഈ കെട്ടുപാടുകൾ തീർക്കുന്ന പരിമിതികള് പുരുഷ നോട്ടങ്ങളെയും കാഴ്ചയെയും സ്വാധീനിക്കുന്നുണ്ട് എന്ന് ലിംഗപദവീ പഠനങ്ങൾ വ്യക്തമാക്കുന്നു.

**2. ലിംഗപദവീ ബന്ധങ്ങളും പ്രതിനിധാനങ്ങളും: മലയാളനോവലിൽ**

ഏകലിംഗ സിദ്ധാന്തത്തിൽ നിന്ന് ദ്വിലിംഗ സിദ്ധാന്തത്തിലേക്ക് അക്കാദമിക ചലനങ്ങൾ ദിശ മാറിയപ്പോഴും മലയാളസാഹിത്യം ഈ മാറ്റത്തെ ഉൾക്കൊണ്ടതായി കാണുന്നില്ല. നമ്മുടെ സാഹിത്യത്തിൽ സ്ത്രീക്ക് വ്യക്തി എന്ന നിലയിലുള്ള പരിഗണന നൽകിയിട്ടുണ്ടോ എന്ന കാര്യം സംശയമാണ്. അഥവാ സ്ത്രീ പ്രാതിനിധ്യങ്ങൾ വന്നാലും, കൊളോണിയൽ കാലത്തെ മധ്യവർഗ്ഗ സവർണ്ണ ബോധത്തിലെ യൂറോപ്യൻ മാതൃകകൾ ആയിരുന്നു അവയ്ക്ക് അടിത്തറയിട്ടത്. പെണ്ണിൻറെ പേരിൽ തന്നെ പുറത്തിറങ്ങിയ ചന്തുമേനോന്റെ ഇന്ദുലേഖ(1889), ആധുനികതയുടെ പരിസരത്തിൽ നോവൽ വഴികളിൽ ഇളക്കി പ്രതിഷ്ഠ നടത്തിയ ഒ.വി. വിജയന്റെ ഖസാക്കിൻറെ ഇതിഹാസം (1969), ഉത്തരാധുനിക പരിസരത്തിൽ സ്ത്രീ പാരിസ്ഥിതിക വിഷയങ്ങളിൽ സർഗ്ഗസംവാദമായി മാറിയ അംബികാസുതൻ മാങ്ങാട് രചിച്ച എൻമകജെ (2014) ഇവയൊക്കെ പരിശോധിച്ചാലും സ്ത്രീ കഥാപാത്രങ്ങളുടെ മാനസിക വളർച്ചയും ശാരീരിക അടയാളപ്പെടുത്തലുകളും എവിടെ നിൽക്കുന്നു എന്ന് മനസ്സിലാക്കാം. ഇന്ദുലേഖയിൽ നിന്ന് മൈമൂനയിലൂടെ ദേവയാനിയിലേക്ക് കടക്കുന്ന കഥാപാത്രങ്ങൾ ആത്യന്തികമായി പുരുഷനോട്ടത്തിൽ മെനഞ്ഞ സ്ത്രീകഥാപാത്രങ്ങൾ തന്നെ.പോപ്പുലർ സംസ്കാരത്തിന്റെ രസമുകുളങ്ങളെ തൃപ്തിപ്പെടുത്താൻ തികയുന്ന എന്തെങ്കിലുമൊക്കെ ചേരുവകള് ഇവയിലൊക്കെയും കാണാം.

മൂന്നു ഘട്ടങ്ങളിൽ നിന്നുള്ള മാതൃകകൾ എന്ന നിലയിൽ ഇവയെ പരിശോധിച്ചാൽ, സ്ത്രീ കഥാപാത്ര നിർമ്മിതിയിൽ ഒഴിവാക്കാനാകാത്ത എന്തോ ചില താൽപര്യങ്ങൾ നോവലിസ്റ്റുകളുടെ അബോധത്തിൽ അടിഞ്ഞു കൂടിയിട്ടുണ്ട് എന്ന് അനുമാനിക്കാം. ലൈംഗികതയുടെ ആവേശപൂർണ്ണമായ വർണ്ണനകളും ശരീര വർണ്ണനകളുടെ ഉത്സവാഘോഷങ്ങളും പുരുഷകാമനകളുടെ

എഴുത്തുസാക്ഷാത്കാരവും രതിയുടെ ഫാൻറസി ലോകവുമൊക്കെ ഇവയിൽ ചിലതാകാം. സാംസ്കാരിക പുരോഗതി അവകാശപ്പെടുന്ന കേരളത്തിൽ സ്ത്രീ ലൈംഗികത സംബന്ധിച്ച് പുരുഷബോധ്യങ്ങളിൽ നിലനില്ക്കുന്ന മാനസിക പക്വത എത്ര വളർന്നിട്ടുണ്ടെന്ന് സാഹിത്യ കൃതികളിലൂടെ പുനരാലോചിക്കാവുന്നതാണ്.

ഈ ഘട്ടത്തിലാണ് ടി ഡി. രാമകൃഷ്ണന്റെ നോവലുകൾ പഠന വിധേയമാക്കേണ്ടത്. 2013ൽ പുറത്തിറങ്ങിയ ആദ്യനോവൽ ആൽഫ, 2019ലെ ശ്രദ്ധേയ ശ്രമം ഫ്രാൻസിസ് ഇട്ടിക്കോര, 2014-ൽ പുറത്തിറങ്ങിയ സുഗന്ധി എന്ന ആണ്ടാൾ ദേവനായകി-ഈ മൂന്ന് നോവലുകളും വിഷയവൈവിധ്യം കൊണ്ടും ഇതിവൃത്ത സ്വീകരണം കൊണ്ടും ആഖ്യാനത്തിലെ വ്യത്യസ്തതകൾ കൊണ്ടും മൂന്ന് തട്ടുകളിലായി നിൽക്കുന്നവയാണ്. ആഗോളവൽക്കരണത്തിന്റെയും ഇന്റർനെറ്റിന്റെയും അതിശയങ്ങളെയും അന്തർ വൈജ്ഞാനികതയുടെ സാധ്യതകളെയും പലരീതിയിൽ ഉപയോഗപ്പെടുത്തു ന്നവയാണ് ഈ നോവലുകൾ. എന്നാൽ മൂന്ന് നോവലിന്റെയും അടിസ്ഥാനമായി വർത്തിക്കുന്ന ഒരു സവിശേഷത കണ്ടില്ലെന്ന് നടിക്കാനാകില്ല. ഏറിയും കുറഞ്ഞും വെളിപ്പെടുന്ന എഴുത്തുകാരന്റെ ഉള്ളിലെ സ്ത്രീസങ്കല്പം തന്നെയാണത്.

**3. കഥാപരിസരങ്ങളിലെ പെൺസാന്നിധ്യം**

സ്ത്രീകഥാപാത്രങ്ങൾക്ക് വലിയതോതിൽ പ്രാധാന്യമുണ്ടെന്ന് പ്രത്യക്ഷത്തിൽ തന്നെ തോന്നുന്ന നോവലുകളാണ് ടി.ഡി.രാമകൃഷ്ണന്റേത്. കഥാഗതിയെ മുന്നോട്ടുകൊണ്ടുപോകുന്നതും നിയന്ത്രിക്കുന്നതും പലപ്പോഴും സ്ത്രീകൾ തന്നെ. തിരഞ്ഞെടുപ്പിലും തീരുമാനമെടുപ്പിലും നേതൃത്വത്തിലുമടക്കം സ്ത്രീകഥാപാത്രങ്ങളുടെ സ്വാധീനം ശക്തമാണ്. അപ്പോഴും, എല്ലാ സ്ത്രീകളുടെയും

ഏറ്റവും വലിയ ബലഹീനതയായി, അവളുടെ അവസാന നീരായി, നോവലിസ്റ്റ് എപ്പോഴും ലൈംഗികതയെ മുന്നോട്ടു വെക്കുന്നു. കഥാപരിസരങ്ങളെ പ്രത്യേകമായി പരിഗണിക്കാം.

### 3.1 ആൽഫ

വ്യവസ്ഥാപിത സാമൂഹികജീവിതത്തെ വെല്ലുവിളിക്കുന്നു; ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നുള്ള പതിമൂന്ന് ആധുനിക മനുഷ്യർ. അസാധാരണമായ ഒരു പരീക്ഷണത്തിനു മുതിരുകയാണ് അവർ. മനുഷ്യപരമ്പര ഇക്കാലം വരെയും ആർജിച്ചെടുത്ത സകല സംസ്കാരത്തെയും വേണ്ടെന്നു വെച്ച്, ഒറ്റപ്പെട്ടൊരു ദ്വീപിലേക്ക്- ആൽഫയിലേക്ക്- അവർ താമസം മാറുന്നു. ഉപലേന്ദ്ര ചാറ്റർജി എന്ന മധ്യവയസ്കനായ നരവംശശാസ്ത്രജ്ഞനൊപ്പം സ്വയം പരീക്ഷണ വസ്തുക്കളായി മാറി അവർ ഭാഷയും ഭക്ഷണരീതികളും വസ്ത്രങ്ങളും ഉപേക്ഷിച്ച് യാത്ര ചെയ്യുന്നു. ഉപലേന്ദ്രയുടെ സഹയാത്രികരായ പന്ത്രണ്ടു പേരിൽ ആറു പേരും വ്യത്യസ്ത സാഹചര്യങ്ങളിൽ നിന്ന് വരുന്ന സ്ത്രീകളാണ് .ആധുനിക വിദ്യാഭ്യാസവും തുറന്ന ചിന്താലോകവുമുള്ള ആറു വനിതകൾ. ഊർമിള, ശ്വേത, മാലിനി, മെർലിൻ, അരുണ, അഞ്ജലി. സ്ത്രീകൾ എന്ന നിലയിൽ ഈ കഥാപാത്രങ്ങളുടെ നേർശബ്ദം ,എത്ര സത്യസന്ധമായി, ചരിത്രനീതിയിൽ ഈ നോവലിൽ കാണുന്നു എന്നു വേണം വിലയിരുത്താൻ.

### 3.2 ഫ്രാൻസിസ് ഇട്ടിക്കോര

രേഖ, രശ്മി, ബിന്ദു, ഹൈപ്പേഷ്യ, ഇയ്യാലെ കോത, ചിരുതേയി, ഹഷിമോട്ടോ മൊറിഗാമി എന്നിങ്ങനെ അറിവും സൌന്ദര്യവും കൊണ്ട് ഫ്രാൻസിസ്

ഇട്ടിക്കോരയെയും,ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ അയാളുടെ പിന്മുറക്കാരൻ സേവിയർ ഇട്ടിക്കോരയെയും ഭോഗതൃഷ്ണയിൽ പിടിച്ചിട്ട കുറേ സ്ത്രീകളുടെ കഥ കൂടിയാണ് ഫ്രാൻസിസ് ഇട്ടിക്കോര. സ്ത്രീ സാന്നിധ്യവും സംഭോഗ സാധ്യതയുമില്ലാത്ത ഒറ്റഭാഗം പോലും ഈ നോവലിലില്ല. ചരിത്രവും ഭാവനയും കൂട്ടിക്കലർത്തി, രതിയും ഹിംസയും സമം ചേർത്തു നിർമിച്ച കരകൗശല കൃതിയാണ് ഫ്രാൻസിസ് ഇട്ടിക്കോര .

**3.3 സുഗന്ധി എന്ന ആണ്ടാൾ ദേവനായകി**

ആഭ്യന്തര യുദ്ധകാലത്തിനിപ്പുറമുള്ള ശ്രീലങ്കൻ സ്ത്രീജീവിതത്തെ, ചരിത്രത്തിൽ നിന്ന് കണ്ടെടുത്ത ഒരു സ്ത്രീയോടൊപ്പം ചേർത്തു മെനഞ്ഞിരിക്കുന്ന നോവലാണ് സുഗന്ധി എന്ന ആണ്ടാൾ ദേവനായകി. കൗശലവും കാമവീര്യവും കൊണ്ട് തനിക്ക് മുന്നിലെത്തുന്ന പുരുഷന്മാരെ വരുതിയിൽ നിർത്തുന്ന അതിസുന്ദരിയായിട്ടാണ് ദേവനായകിയെ നോവലിസ്റ്റ് കല്പിച്ചിരിക്കുന്നത് . ആനന്ദത്തിന്റെയും ക്രൂര ബലാൽസംഗങ്ങളുടെയും ബാക്കിയായ അനവധി രതിസന്ദർഭങ്ങൾ ഈ നോവലിലും കാണാം.

സഹസ്രാബ്ദങ്ങൾക്കു മുമ്പ് സംഘകാല മിത്തിൽ നിന്നുണ്ടായ ഒരു ആണ്ടാൾ ദേവനായകിയെ ആധുനിക കാലത്തിലെ സുഗന്ധിയോട് ചേർത്തു വെച്ച് ചരിത്രത്തെ പുനഃസൃഷ്ടിക്കാനുള്ള ശ്രമമായി ഇതിനെ കാണാം . അപ്പോഴും സ്ത്രീ കഥാപാത്രങ്ങളെ; പ്രത്യേകിച്ച് ദേവനായകിയെ ചിത്രീകരിക്കുന്ന ചില സന്ദർഭങ്ങളിൽ നോവലിസ്റ്റിന്റെ നിലപാട് പ്രത്യേകനോട്ടം ആവശ്യപ്പെടുന്നുണ്ട്.

**4.പെൺവായനയിൽ പുറത്താകുന്നത്**

**4.1ആൽഫയിലെ പെണ്ണടലുകൾ**

സകലതുമുപേക്ഷിച്ച കൊണ്ട് ആൽഫയിലെത്തുന്ന, പരീക്ഷണ വിധേയരാകുന്ന പതിമൂന്ന മനുഷ്യർക്കും യഥാർത്ഥത്തിൽ ഒക്കെയും ഉപേക്ഷിക്കാൻ സാധിച്ചിട്ടില്ലായിരുന്നു. അവരുടെ അടിസ്ഥാന ലോകബോധത്തിനോ പൂർവ്വ ലൈംഗിക ധാരണകൾക്കോ ലൈംഗികാവിഷ്കാര രീതികൾക്കോ ആൽഫയിൽ എത്തിയിട്ടും മാറ്റമുണ്ടായിട്ടില്ല. എല്ലാം ആദിമത്തിൽ നിന്ന് പുനരാരംഭിക്കുക എന്ന നിർദ്ദേശത്തിൽ ആൽഫയിലേക്ക് പോകുമ്പോഴും, ആദിമത്തിൽ പെണ്ണ് വെറും അടിമയായിരുന്നു എന്ന മുൻധാരണയാണ് നോവലിൽ പ്രവർത്തിക്കുന്നത്. നരവംശ ശാസ്ത്രത്തിന്റെയോ ചരിത്രത്തിന്റെയോ ബോധപരിസരത്തു നിന്ന് യുക്തിസഹമായി ചിന്തിക്കാന് കഥാകൃത്തിനോ കഥാ പാത്രങ്ങൾക്കോ കഴിഞ്ഞിട്ടില്ല.

ആൽഫയുടെ അടിസ്ഥാന ആഖ്യാനം തന്നെ പുരുഷ ഭാഷ്യത്തിലാണ്. ദ്വീപിനുള്ളിലെ ആറ് സ്ത്രീകൾക്കു മേലുള്ള അവകാശം അവിടുത്തെ ഏഴു പുരുഷന്മാരിലും ഒരേ പോലെ നിക്ഷിപ്തമാണ്. എല്ലാ പെണ്ണും എല്ലാവരുടേതുമാണ്. കയ്യൂക്കുള്ളവന്റെ കീഴ്പ്പെടുത്തലിനു അവൾ തന്നെത്തന്നെ വിട്ടുകൊടുക്കലാണ് പതിവ്. എന്നാൽ എല്ലാ പുരുഷന്മാരും ഓരോ സ്ത്രീയുടേതുമാണ് എന്ന് അവിടെ നിയമമില്ല. പെണ്ണിനു മേലെയുള്ള പുരുഷന്റെ ആധിപത്യവും കടന്നു കയറ്റവും , പ്രകൃത്യാ സ്വാഭാവികമാണെന്നും ഇന്നത്തെ ആർജിത സാംസ്കാരികത കൊണ്ടുമാത്രമാണ് എല്ലാ സ്ത്രീകളും പുരുഷന്മാരാൽ ഭോഗിക്കപ്പെടാത്തതെന്നും ആൽഫ പരോക്ഷമായി പറയുകയാണ്.

സ്ത്രീയും പുരുഷനും തമ്മിൽ മാത്രമേ സ്വാഭാവികമായും ലൈംഗികബന്ധം സാധ്യമാകൂ എന്ന അശാസ്ത്രീയ യാഥാസ്ഥിതിക യുക്തി നോവലിൽ

പ്രവർത്തിക്കുന്നത് കാണാം. പരിപൂർണ നഗ്നരായ ആ മനുഷ്യർക്കിടയിൽ ചരിത്രാതീത കാലം മുതൽക്കുള്ള സ്വവർഗാനുരാഗത്തിന്റെ യാതൊരു സാധ്യതയും നോവലിസ്റ്റ് കാണുന്നില്ല. സ്ത്രീകൾ പരസ്പരമോ പുരുഷന്മാർ പരസ്പരമോ ഉള്ള ആരോഗ്യകരമായ ഒരിടപെടലും നോവലിൽ വിഷയമായിട്ടുമില്ല. എന്തിനധികം, ഇരുകൂട്ടരും നഗ്നരാണെങ്കിലും പുരുഷ നഗ്നതയുടെ തരിപോലും വിശദീകരിക്കപ്പെട്ടിട്ടു പോലുമില്ല .ദ്വീപിലുണ്ടായിട്ടുള്ള രക്തച്ചൊരിച്ചിലിന്റെയും കയ്യേറ്റത്തിന്റെയും കൊലപാതകങ്ങളുടെയും കാരണക്കാർ സ്ത്രീകളായിരുന്നു എന്ന് നോവൽ പറയുന്നുണ്ട്. ദ്വീപുപേക്ഷിച്ച് കടന്നു കളയാൻ ശ്രമിക്കുന്ന അൻവറിനെ അക്ഷമനായി ഹരി എന്ന കഥാപാത്രം ഇടിച്ചു കൊല്ലുന്നതായി ആൽഫയുടെ പതിനാലാം അധ്യായത്തിൽ കാണാം. അതിനു കാരണം പറയുന്ന ഭാഗത്തിൽ :"അരുണ.. അവളായിരുന്നു എല്ലാത്തിനും കാരണം. അരുണ പലപ്പോഴും പരീക്ഷണത്തിന്റെ നിയമങ്ങൾ തെറ്റിച്ചിരുന്നു. ആ നിയമങ്ങൾ തെറ്റിക്കുന്നതിലായിരുന്നു അവൾ സ്വാതന്ത്ര്യം കണ്ടെത്തിയത്. അന്ന് അരുണ.......... അൻവറിന്റെ കൂടെ എങ്ങനെയെങ്കിലും രക്ഷപെടാൻ തീരുമാനിച്ചു "എന്ന് വ്യക്തമായി പറയുന്നുണ്ട്. ഇവിടെ അരുണക്കൊപ്പം തീരുമാനമെടുത്ത അൻവർ (മരണപ്പെടുന്നുണ്ടെങ്കിലും) കുറ്റവിമുക്തനാണ് . തെറ്റുകാരിയും അച്ചടക്കലംഘനം നടത്തിയവളും അരുണ മാത്രമാണ്.

പതിമൂന്നാം അധ്യായത്തിലെ മറ്റൊരു സന്ദർഭത്തിൽ, മാലിനിയും ഹരിയും തമ്മിലുള്ള ഒരു സംഭാഷണത്തിൽ, ഹരി തന്റെ ഇഷ്ടം മാലിനിയോട് പറയുന്ന ഭാഗത്തിൽ:"നീ എന്നെ ഭ്രാന്ത് പിടിപ്പിക്കുന്ന സുന്ദരിയാണ് .നിന്റെ വശീകരിക്കുന്ന കണ്ണുകളും ,കാമം പൂക്കുന്ന ചുണ്ടുകളും ,മനോഹരമായ മാറിടവും പിന്നെ അതിനു താഴോട്ടുള്ള എല്ലാ ഭാഗങ്ങളും എന്നെ ഭ്രാന്ത് പിടിപ്പിക്കുന്നു.

അത് കൊണ്ടാണ് ആ കവിത ഞാൻ നിനക്ക് മാത്രമാണ് എന്ന് പറഞ്ഞത് ". മാലിനി എന്ന സ്വാതന്ത്ര്യമോഹിയായ ചെറുപ്പക്കാരിയെക്കുറിച്ചോ,അവളുടെ വ്യക്തിത്വത്തെക്കുറിച്ചോ ഒരക്ഷരം പോലും പറയാതെ, അവളുടെ ശരീരത്തോട് മാത്രം തോന്നുന്ന ആസക്തി ഹരിയുടെ കഥാപാത്രം ഇവിടെ തുറന്നടിക്കുന്നു .

ആദിമത്തിലേക്കുള്ള തിരിച്ചു പോക്കിൽ ചരിത്രത്തെ തെറ്റി വായിച്ചതിന്റെ ഒരുപാട് ഫലങ്ങൾ ഈ നോവലിൽ നിന്നു കണ്ടെടുക്കാം. പുരുഷന്റെ ലൈംഗിക തൃഷ്ണക്ക് മുന്നിൽ പിടിച്ചു നിൽക്കാൻ തക്ക കരുത്തില്ലാത്ത സ്ത്രീ ശരീരത്തിന്റെ ദുർബലതയും, "ശക്തരിൽ നിന്ന് കൂടുതൽ ശക്തൻ തട്ടിയെടുത്ത് ഇണചേരുമ്പോൾ എതിർക്കാനാകാതെ ആണിന് മുന്നിൽ പരാജിതയാകുന്ന സ്ത്രീ കല്പനകളും, അമിതഭോഗം കൊണ്ട് മരിച്ചു പോകുന്ന പെൺകഥാപാത്രങ്ങളും ഈ നിരയിലാണുള്ളത്.തട്ടിയെടുക്കുക എന്ന അധികാരം ആണിനും, കീഴടങ്ങുക എന്ന വിധി പെണ്ണിനും പ്രകൃതി കല്പിച്ചതാണ് എന്ന പരമ്പരാഗത ബോധമാണ് ഇവിടങ്ങളിൽ പ്രവർത്തിച്ചിരിക്കുന്നത്.

ലൈംഗിക താൽപര്യങ്ങളിൽ അറിവും ആത്മീയമായ അലൗകികതയും കൊണ്ട് വിശുദ്ധനായി നിൽക്കുന്ന ഉപലേന്ദ്ര ചാറ്റർജിയുടെ സ്വഭാവത്തെയും രീതികളെയും അടിമുടി സംശയിക്കേണ്ടിയിരിക്കുന്നു. സംസ്കരിക്കപ്പെട്ട ഒരു പുരുഷ സാന്നിധ്യമായി, ഒരു കേന്ദ്ര നേതൃത്വമോ മാതൃകയോ ആയി, ഉപലേന്ദ്രയുടെ രൂപം നോവലിൽ ചിരപ്രതിഷ്ഠ നേടുന്നുണ്ട്. എന്നാൽ സമാനയായ ഒരു സ്ത്രീ അവിടെയില്ല . പ്രായവും ജ്ഞാനവും ഉപലേന്ദ്രയെന്ന പുരുഷാധിപത്യ ചിന്തയുടെ ഉത്പന്നത്തിനെ മാത്രമേ ഗുണകരമായി കടാക്ഷിച്ചുള്ളൂ.ചുരുക്കത്തിൽ, ആൽഫയിലെ സ്ത്രീയെ

നിയന്ത്രിക്കുന്നത് അവളുടെ വ്യക്തിത്വമല്ല.പുരുഷന്റെ കാഴ്ച എന്ന ഘടകമാണ്. തുല്യതയുടെ പക്വമാർന്ന ഒരിടമായി ലൈംഗികതയെ കാണുന്നതിന് പകരം, പുരുഷകാമനയുടെ കല്പനയായ"കീഴടക്കുന്ന പുരുഷ" നിർമിതിയാണ് ടി.ഡി രാമകൃഷ്ണൻ ആൽഫയിൽ മുന്നോട്ടു വെച്ചിരിക്കുന്നത്.

**4.2ഇട്ടിക്കോരപ്പെണ്ണുങ്ങൾ**

സ്ത്രീകഥാപാത്രങ്ങളെല്ലാം സവർണ സൗന്ദര്യധാമങ്ങൾ, വേശ്യകൾ! ചെറിയ ക്ഷണങ്ങൾ കൊണ്ടു പോലും ശരീരം പങ്കിടാൻ തയാറാകുന്നവര്- ഇട്ടിക്കോരയിലെ കഥാപാത്രങ്ങൾ അങ്ങനെയാണ്. സ്വതന്ത്രലൈംഗികത സാധ്യമല്ലേ എന്ന് വേഗത്തിൽ ന്യായീകരണം കണ്ടെത്താം. സ്വതന്ത്രരായ സ്ത്രീകളുടെ കഥയായി ഇട്ടിക്കോര വായിക്കപ്പെട്ടിട്ടുമുണ്ട്. എന്നാൽ സ്വതന്ത്ര ലൈംഗികത മാനസികമായ, ശാരീരികമായ ഉല്ലാസത്തിനോ, സംതൃപ്തിക്കോ വേണ്ടിയുള്ള ഉപാധിയില്ലാത്ത പരസ്പര ദാനമാണ്. ഇടയിൽ പണമോ ഇതര നേട്ടങ്ങളോ കണ്ടു കൊണ്ടാണ് ശരീരത്തെ പകരം നൽകുന്നതെങ്കിൽ അത് പെൺ ശരീരത്തെ വസ്തുവത്കരിക്കുക എന്ന പതിവ് ശീലം തന്നെ. ശരീരത്തിന്റെ കമ്പോളവത്കരണം.

വേശ്യാവൃത്തി എന്ന നിലയിലേക്ക് പോലും ഇട്ടിക്കോരയിലെ പ്രധാന കഥാപാത്രങ്ങളെ പരിഗണിക്കാൻ സാധിക്കില്ല. ജീവിത സാഹചര്യങ്ങളുടെ സമ്മർദം കൊണ്ട്, പണത്തിനുള്ള ഗത്യന്തരമില്ലായ്മ കൊണ്ട് ഇടനിലക്കാരുടെ പ്രലോഭനത്തിൽ പെട്ട് ശരീരം വിൽക്കാൻ നിർബന്ധിതരാകുന്ന സ്ത്രീകളല്ല ഈ നോവലിലെ സുപ്രധാന കഥാപാത്രങ്ങൾ. രേഖയോ രശ്മിയോ ബിന്ദുവോ ദരിദ്രരല്ല. മൂന്നു പേരും ഉയർന്ന ജോലിയുള്ളവർ. കോളേജ് അധ്യാപികയും, ഫാഷൻ ഡിസൈനറും,ബാങ്ക്

ഉദ്യോഗസ്ഥയുമൊക്കെയാണവർ. ദി സ്കൂൾ എന്ന നക്ഷത്ര വേശ്യാലയത്തിലേക്ക് വമ്പൻ തുകയിൽ ആളുകളെ പ്രവേശിപ്പിക്കുന്നവർ. മൊറിഗാമിയാണെങ്കിലോ, തന്റെതന്നെ ഗവേഷണത്തിനും താല്പര്യങ്ങൾക്കുമായി സഹായിക്കുന്നവർക്കാർക്കു വേണമെങ്കിലും രതിസുഖം പകരാൻ ഒരുങ്ങിനിൽക്കുന്നവൾ. സ്വതന്ത്ര ലൈംഗികതയാണ് എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം എന്ന് കരുതുന്നവൾ. ചരിത്ര കഥാപാത്രമായ ഹൈപ്പേഷ്യ പോലും നോവലിൽ വ്യത്യസ്തയല്ല. തന്റെ ജീവിത സുഖത്തിനും പദവിക്കും വേണ്ടിയാണ് അവൾ വിവാഹിതയാകാൻ തയാറാകുന്നത്. തനിക്കിഷ്ടപ്പെടുന്നവരെ വിളിച്ചു വരുത്തി സുരതത്തിലേർപ്പെടുന്ന ഹൈപ്പേഷ്യക്ക് പരസ്യ വിചാരണക്ക് മുമ്പിലെത്തുമ്പോൾ കുറ്റബോധം തോന്നേണ്ട കാര്യമെന്താണ് എന്ന് യുക്തിസഹമായ വിശദീകരണം നല്കുന്നില്ല. കാമുകന് വേണ്ടി അയാളുടെ പേര് പറയാതെ സ്വയം മരണം ഇരന്നു വാങ്ങുകയാണ് ഹൈപ്പേഷ്യ നോവലിൽ. ചില കഥാപാത്രങ്ങൾ ഇങ്ങനെയാകുന്നത് സ്വാഭാവികം എന്ന് കരുതാം. എന്നാൽ എല്ലാ സ്ത്രീ കഥാപാത്രങ്ങളും വിരൽ ഞൊടിച്ചാൽ കൂടെയുറങ്ങാൻ തയാറാകുന്നവരാണ് എന്ന തലത്തിലേക്ക് മാറുമ്പോൾ അതിൽ വാർപ്പുമാതൃകകളുടെ പ്രശ്നങ്ങളുണ്ടാകുന്നു. തന്നെയുമല്ല പോൾ എൽദോഷിനെ പോലെ തന്നെ ഒരു സ്ത്രീ ആലിംഗനം ചെയ്താലും, സ്പർശിച്ചത് ആണോ പെണ്ണോ എന്ന് കൂടി തിരിച്ചറിയാത്ത "പവിത്രരായ" പുരുഷ കഥാപാത്രങ്ങൾ കഥയിലുള്ളപ്പോൾ, സ്ത്രീ ശരീരത്തിന്റെ വാണിജ്യസാധ്യത മനസിലാക്കിയുള്ള മനഃപൂർവമെഴുത്താ യിരുന്നില്ലേ ഇട്ടിക്കോര എന്ന് സംശയിച്ചേ മതിയാകൂ. 'കോരപ്പാപ്പന്റെ സുവിശേഷം' , 'കോരയ്ക്കു കൊടുക്കൽ' തുടങ്ങിയ സന്ദർഭങ്ങളും, ആവർത്തിച്ചു വരുന്ന ലൈംഗികവർണനകളും അരികുവത്കരണത്തിന്റെ കണ്ണാടി വെച്ചുള്ള വായനയിൽ അപകടം പിടിച്ച പ്രശ്നങ്ങളാണ്. ഇതിലൊക്കെ ഉപരിയായി,

സവർണ പുരുഷന്റെ ബോധത്തിലെ പെൺസങ്കല്പമാണ് നോവലിലെ സ്ത്രീകഥാ പാത്രനിർമ്മിതിയിൽ നിഴലിക്കുന്നത്. സൌന്ദര്യമില്ലാത്ത, കറുത്ത, പല്ലുന്തിയ, വയറു ചാടിയ ഒരു സ്ത്രീയെ പോലും ഫ്രാൻസിസ് ഇട്ടിക്കോരയിൽ കാണാനില്ല . കച്ചവടയുക്തിയിൽ കച്ചവടച്ചരക്കുകളെക്കുറിച്ചു കച്ചവടത്തിനായി എഴുതപ്പെട്ട നോവലായി ഇട്ടിക്കോര മേൽ സന്ദർഭങ്ങളില് പരിണമിക്കുന്നു.

**4.3ആണ്ടാൾ ദേവനായകിയുടെ അറിയാത്ത ഭാവങ്ങൾ**

കാന്തള്ളൂർ സൈനിക കേന്ദ്രത്തിന്റെ തലവൻ പെരിയകോയിക്കന്റെ പെൺതരി ആണ്ടാൾ ദേവനായകി നൃത്തകലാദികളിലും രാഷ്ട്ര തന്ത്രത്തിലും ആയോധനമുറയിലും അർദ്ധശാസ്ത്രത്തിലും അതി നിപുണയായ പെണ്ണാണ്. എന്നാൽ കാന്തള്ളൂർ രാജൻ അവളിൽ ആകൃഷ്ടനാകുന്നതാകട്ടെ വഴിഞ്ഞൊഴുകുന്ന മേനിയഴകിലും ശബ്ദമാധുരിയിലും സുകുമാരകലകളിലുമാണ്. തന്റെ അനുവാദമോ സമ്മതമോ കൂടാതെ ,പരസ്യമായി ഒരു ഭോഗവസ്തുവായി തന്നെ ആവശ്യപ്പെട്ടതിന് അമർഷമുണ്ടായിരുന്ന അവൾ, രാജനെ കണ്ട മാത്രയിൽ പ്രണയ പരവശയും കാമവിവശയുമായി വഴങ്ങി തീരുന്നത് അത്യന്തം സംശയത്തോടെയും, അതിസാധാരണത്തത്തോടെയുമേ വായിക്കാൻ സാധിക്കുകയുള്ളൂ . സ്ഥിരതയില്ലാത്ത, ആളിനും സന്ദർഭത്തിനുമനുസരിച്ച് എപ്പോഴും വഴക്കമുള്ള , ഇഷ്ടാനിഷ്ടത്തിൽ വ്യക്തിത്വമില്ലാത്ത കഥാപാത്രമായി ,കേവലം 'പെണ്ണായി' ആണ്ടാൾ ദേവനായകി നോവലിൽ പരുവപ്പെടുന്നു. കാന്തള്ളൂർ രാജന്റെ പക്കൽ നിന്ന് ചോള ദേശാധിപൻ രാജരാജന്റെ അടുത്തേക്കും, അവിടെ നിന്ന് രാജേന്ദ്രന്റെ കാമിനിയായും പിന്നീട് അനസൂയയായും മാറുന്ന ദേവനായകി ഒരു സങ്കീർണ കഥാപാത്രസൃഷ്ടിയാണ്. ദേവനായകിയുടെ രണ്ടാം തിരുമണം അവളുടെ ആദ്യ പതിയെ യുദ്ധത്തിൽ

കീഴടക്കിയ രാജരാജനോടൊപ്പമാണ്. അയാളോടുള്ള സമീപനത്തിൽ സാധാരണ സ്ത്രീകളുടെ പൂർവ പതിസ്നേഹ ചാപല്യമോ, അമർഷമോ ഒന്നും ദേവനായകി കാട്ടുന്നില്ല. പിടിച്ചു നിൽക്കാനുള്ള ശേഷിയും, കുശാഗ്ര ബുദ്ധിയും തന്റെ പദവിയെക്കു റിച്ചുള്ള ബോധ്യവും അവൾ അബോധത്തിൽ സംരക്ഷിക്കുന്നുണ്ട്. രാജരാജനോടൊപ്പം അയാളുടെ സദസിനലങ്കാരമായി രിക്കുന്ന ആണ്ടാൾ ദേവനായകിയെ, കാന്തള്ളൂർ രാജാവിന്റെ ചില വിശ്വസ്ത സേവകർ അധിക്ഷേപിക്കുന്നുണ്ട് നോവലിൽ. "പുലയാടി മോൾ ഞെളിഞ്ഞിരിക്കുന്നത് കണ്ടില്ലേ" എന്ന് അവർ വിളിച്ചു പറയുമ്പോൾ ആണ്ടാൾ ദേവനായകി വികാരാവേശത്തിൽ ഓടിപ്പോയി തന്റെ അറയിൽ വാതിലടച്ചിരുന്നു എന്ന് നോവലിസ്റ്റ് പറയുന്നു.എത്ര കരഞ്ഞിട്ടും അവൾക്കു മതിയായില്ല." താൻ അപമാനിക്കപ്പെട്ടതിലല്ല,താൻ കാരണം രാജരാജന് സഭയിൽ വെച്ച് അപമാനം നേരിട്ടല്ലോ എന്നതിലായിരുന്നു അവൾക്ക് അധികം വിഷമം" എന്ന് ടി.ഡി. രാമകൃഷ്ണൻ അടിവരയിടുന്നു . ഇത്രയേറെ മേന്മ സ്വയം അവകാശപ്പെടുന്ന, പഠിപ്പുള്ള, അറിവും പക്വതയുമുള്ള ആണ്ടാൾ ദേവനായകിക്ക് തന്റെ വ്യക്തിത്വം മുറിപ്പെട്ടതിൽ യാതൊരു നോവുമില്ല എന്ന് പറയുമ്പോൾ, അവളിലെ പരമ്പരാഗത പെൺധർമത്തെ, ഉദാത്തവത്കരിക്കുക യല്ലേ നോവലിസ്റ്റ് ചെയ്തിരിക്കുന്നത് !

ജ്ഞാനസരസ്വതി എന്ന ഭാഗത്തിൽ, രാജരാജന്റെ സ്ത്രീ തല്പരതയോടുള്ള വിദ്വേഷമെന്ന നിലക്കാണ് അയാളുടെ മൂത്ത മകൻ രാജേന്ദ്രനെ ദേവനായകി തന്നിലേക്ക് ക്ഷണിക്കുന്നത്. ഇവിടെയും രാജേന്ദ്രന്റെേയും ദേവനായകിയുടെയും ബന്ധത്തിലെ പുരോഗതിയെ നോവലിസ്റ്റ് വിശദീകരിക്കുന്നത് :"കുറച്ച് ദിവസങ്ങൾ കഴിഞ്ഞതോടെ രാജേന്ദ്ര ചോളനും ദേവനായകിയും തമ്മിലുള്ള ഗുരുവും ശിഷ്യനും എന്ന അന്തരവും

അവസാനിച്ചു.അവർ വെറും സ്ത്രീയും പുരുഷനുമായി. സ്വാഭാവികമായി സ്ത്രീ പുരുഷന്റെ ആഗ്രഹങ്ങൾക്കനുസരിച്ച് വിധേയയായി പ്രവർത്തിച്ചു"എന്നാണ്.സ്ത്രീ പുരുഷന്റെ അധീനതയിലായിരിക്കുക എന്നതിനെ ഒരു സ്വാഭാവിക പ്രക്രിയയായി കാണുകയാണ് നോവലിസ്റ്റ്. ചരിത്രകഥ എഴുതാൻ ശ്രമിക്കുന്നതിനിടയിലും സംഭവിച്ച വലിയ ചരിത്ര നിരാസമായും, വിജ്ഞാനസാധ്യതകളുടെ അതിരു പങ്കിടാൻ കരുതുമ്പോഴും പറ്റിപ്പോയ വലിയ അറിവുകേടായും ഇതിനെ ഗണിക്കേണ്ടി വരും.

5.നിഗമനം

അന്തർവൈജ്ഞാനികതയുടെയും, ആഗോളസ്പന്ദനങ്ങളുടെയും ചലനം നോവലിലേക്ക് കൂട്ടാൻ ശ്രമിക്കുന്ന എഴുത്തുകാരനാണ് ടി.ഡി. രാമകൃഷ്ണൻ. പഠനത്തിനായി തിരഞ്ഞെടുത്ത അദ്ദേഹത്തിന്റെ മൂന്ന് നോവലുകളും രണ്ടായിരത്തിനു ശേഷം പ്രസിദ്ധീകരിക്കപ്പെട്ടവയാണ്. ലിംഗപദവീ പ്രതിനിധാനങ്ങളുടെ കാര്യത്തിലാണെങ്കിലും മറ്റു നോവലുകളിൽ നിന്ന് വ്യത്യസ്തമായി സ്ത്രീ കഥാപാത്രങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകി മുന്നോട്ടു പോകുന്നവയാണ് ഈ നോവലുകൾ. എന്നാൽ, പൊതുമണ്ഡലത്തിന്റെ നേർപാതിയായ സ്ത്രീകളെ , ഇക്കാലയളവിൽ വന്നിട്ടുള്ള ശാസ്ത്രീയ,ജനാധിപത്യ ,വ്യക്തിസ്വത്വ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ പൊളിച്ചെഴുതാൻ ടി. ഡി. യുടെ രചനകൾക്ക് ആയിട്ടില്ല. സ്ത്രീകളെ കുറിച്ചെഴുതുന്നതെല്ലാം സ്ത്രീപക്ഷമാകുന്നില്ല.ഏതു വിധത്തിൽ കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു എന്നതും, ഏതു മൂല്യത്തെ ഉയർത്തിപ്പിടിക്കുന്നു എന്നതുമാണ് പ്രധാനം. അങ്ങനെ നോക്കുമ്പോൾ, ശരീരത്തിന്റെി സൗന്ദര്യ വടിവുകൾക്കപ്പുറം രൂപമില്ലാത്ത, കേവല ഭൗതിക ശേഷിപ്പുകൾ മാത്രമാണ് ടി. ഡി രാമകൃഷ്ണന്റെ

പെൺകഥാപാത്രങ്ങൾ. സമൂഹത്തിലെ അടിയുറച്ച കിടക്കുന്ന പാരമ്പര്യ ധാരണകളെയും ആൺനോട്ടങ്ങളെയും ഇളക്കി ഉറപ്പിക്കുകയാണ് ആൽഫയും ഫ്രാൻസിസ് ഇട്ടിക്കോരയും സുഗന്ധി എന്ന ആണ്ടാൾ ദേവനായകിയും ചെയ്തിട്ടുള്ളത്.

സ്ത്രീ ലൈംഗികതയെ കുറിച്ചുള്ള ഫാന്റസി സങ്കല്പങ്ങളിലൂടെയാണ് മേൽ നോവലുകള് വായനക്കാരെ നയിക്കുന്നത്. മനഃശാസ്ത്രപരമായോ ജീവശാസ്ത്രപരമായോ സ്ത്രീയുടെ ലൈംഗികതയെ മനസിലാക്കാതെ ഉപരിപ്ലവമായി പുരോഗമന മറ തീർക്കുകയാണ് ഈ കൃതികൾ ചെയ്തത്. പുരുഷനെ തൃപ്തിപ്പെടുത്തി സ്ത്രീധർമം പാലിക്കുന്ന സവർണ സുന്ദരികൾ പുരുഷകാമനയിൽ അടിയുറച്ച പോയ ആധിപത്യ ബോധത്തിന്റെ ബാക്കിപത്രമാണ്. പാതിവെന്ത ചരിത്രവും പിന്തുടരാൻ മറന്ന ശാസ്ത്ര-സാമൂഹിക പുരോഗതിയും കൃതികളിലെ സ്ത്രീകഥാപാത്രങ്ങളെ പുരുഷന്റെ വ്യക്തിത്വമില്ലാത്ത ശരീരങ്ങളായി നിർണയിച്ചിരിക്കുന്നു.

ജൂഡിത്ത് ബട്ലർ വിശേഷിപ്പിക്കുന്ന ലിംഗപദവി എന്ന അഭിനയ നിർവഹണമാണ് (performance) ഇവിടെ നടക്കുന്നത്. സമൂഹം പ്രത്യക്ഷത്തിലും പരോക്ഷത്തിലും ആവശ്യപ്പെടുന്ന ധർമങ്ങളെ പാലിക്കുകയോ,പാലിക്കുന്നതായി അനുഷ്ഠാനം നടത്തുകയോ മാത്രമാണ് പെൺകഥാപാത്രങ്ങൾ. അവയെ മഹത്വവത്കരിക്കുകയോ അതല്ലാത്തവയെ പതിഞ്ഞ പരിഹാസത്തിൽ പ്രതിരോധത്തിലാക്കുകയോ ചെയ്യും വിധം പരോക്ഷമായ പുരുഷാഘോഷമാണ് ഈ കൃതികൾ. പ്രതിനിധാനങ്ങൾ ഉണ്ടെങ്കിലും,പുരോഗമനപരമായ ഒരു ലിംഗപദവീ സങ്കല്പമോ, മൂല്യബോധമോ സമത്വസാധ്യതയോ ഉണ്ടായി വരുന്നില്ല. പക്ഷമില്ലായ്മയുടെ ഒരു തരം

നിസ്സംഗതയോ നിരുത്തരവാദിത്തമോ സ്ത്രീപദവിയിന്മേൽ ഈ മൂന്നു രചനകളിലും കാണാം.

ഗ്രന്ഥസൂചി

1. ഗോവിന്ദൻ എം,2006, മിത്തും മനുഷ്യനും, പൂർണപബ്ലിക്കേഷൻസ് - കോഴിക്കോട്.

2. ജയകൃഷ്ണൻ എൻ (എഡി.),2011, പെണ്ണെഴുത്ത്, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്, തിരുവനന്തപുരം

3. ജേക്കബ് ഷാജി,2013, മലയാള നോവൽ ഭാവനയുടെ രാഷ്ട്രീയം,കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്, തിരുവനന്തപുരം.

4. ജോർജ് കെ എം, (എഡി.),2009,ആധുനിക മലയാള സാഹിത്യ ചരിത്രം, പ്രസ്ഥാനങ്ങളിലൂടെ, ഡിസി ബുക്സ് -കോട്ടയം.

5. ദേവിക ജെ , സ്ത്രീവാദം ,ഡിസി ബുക്സ് കോട്ടയം.

6. ദേവിക ജെ,2011 ,കുലസ്ത്രീയും ചന്തപ്പെണ്ണും ഉണ്ടായതെങ്ങനെ ,കേരളം ശാസ്ത്ര സാഹിത്യ പരിഷത് ,തൃശ്ശൂർ

7. ബാനർജി.ഇ, 2010,മിത്തും മലയാള നോവലും ,കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്,തിരുവനന്തപുരം.

8. മേരി ,മൃദുസ് ,2015,ഉടലധികാരം ,ഒലിവ് പബ്ലിക്കേഷൻസ് -കോഴിക്കോട് .

9. രാമകൃഷ്ണൻ എ കെ $ വേണുഗോപാൽ കെ എം,1989,സ്ത്രീ വിമോചനം:ചരിത്രം സിദ്ധാന്തം സമീപനം ,നയന ബുക്സ് -പയ്യന്നൂർ.

10. രാമകൃഷ്ണൻ ടിഡി ,2003 ,ആൽഫ, ഡിസി ബുക്സ് -കോട്ടയം.

11. രാമകൃഷ്ണൻ ടിഡി,2009,ഫ്രാൻസിസ് ഇട്ടിക്കോര, ഡിസി ബുക്സ് -കോട്ടയം.

12. രാമകൃഷ്ണൻ ടിഡി,2015,സുഗന്ധി എന്ന ആണ്ടാൾ ദേവനായകി, ഡിസി ബുക്സ് -കോട്ടയം.

13. ശ്രീധരൻ എ.എം (എഡി ),2016,തിന്മയുടെ ഇതിഹാസം അഥവാ ഇട്ടിക്കോരയുടെ പ്രതിയാത്രകൾ ,ഡിസി ബുക്സ് -കോട്ടയം.

14. സുരേന്ദ്രൻ കെ,2006, നോവൽസ്വരൂപം, പൂർണ പബ്ലിക്കേഷൻസ്-കോഴിക്കോട്.

15. Butler, J. Gender Trouble: Feminism and the Subversion of Identity, N.Y: Routledge:London,1990.

---

*ഗവേഷക, മലയാളസർവ്വകലാശാല, തിരൂർ*